

# മൂർക്കനാട് സെന്റ് ആന്റണീസ് ഇടവക

ഇരിങ്ങാലക്കുട രൂപതയുടെയും മുകുന്ദപുരം താലൂക്കിന്റെയും വടക്കേ അതിർത്തിപ്രദേശമായ കരുവന്നൂർപുഴയുടെ തെക്കെ തീരത്ത് ഇരിങ്ങാലക്കുട പട്ടണത്തിൽ നിന്നും 8 കി.മീ. വടക്കുപടിഞ്ഞാറായി മൂർക്കനാട് ഗ്രാമം നിലകൊള്ളുന്നു. മുരുകനാട്, മുരുകന്റെ നാട് - പിന്നീട് അത് മൂർക്കനാട് ആയി. പടിഞ്ഞാറും തെക്കും ചെമ്മണ്ട കായൽ പാടശേഖരവും കിഴക്ക് പൈങ്കിളി പാടശേഖരവും സ്ഥിതി ചെയ്യുന്നു. ഇവിടത്തെ ക്രൈസ്തവർ പുരാതനമായ പഴുവിൽ, മാപ്രാണം എന്നീ പള്ളികളോട് ബന്ധപ്പെട്ടാണ് പ്രവർത്തിച്ചിരുന്നത്.

## ദേവാലയം

പാദുവായിലെ വിശുദ്ധ അന്തോണീസിന്റെ നാമധേയത്തിലുള്ള ഈ ദേവാലയം ആരംഭിച്ചത് 1838-ലാണ്. അന്നത്തെ ദേവാലയത്തിൽ മൂന്ന് പടികളുള്ള അൾത്താരപീഠം, നടുവിലായി സ്വർണ്ണ ചായം പൂശിയ മനോഹര ദാരുശില്പം, മുകളിലും താഴെ കലാവിരുതോടെ ഉണ്ടാക്കിയ സക്രാരി എന്നിവയും, അൾത്താരയ്ക്കു മുകളിലായി ഭിത്തിയിൽ നിർമ്മിക്കപ്പെട്ട രൂപക്കൂട്ടിൽ ഇടവകയുടെ സ്വർഗീയ മദ്ധ്യസ്ഥനായ വി. അന്തോണീസിന്റെയും അതിനോടനുബന്ധിച്ച് മറ്റ് വിശുദ്ധരുടെയും തിരുസ്വരൂപങ്ങളും പ്രതിഷ്ഠിച്ചിരുന്നു.

## പുതിയ ദേവാലയം

150 വർഷത്തിന്റെ ജൂബിലി വേളയിലാണ് പുരാതന ദേവാലയത്തിന്റെ പുനർ നിർമ്മാണം എന്ന ആശയം ശക്തമായത്. അതനുസരിച്ച് വികാരി ബഹു. പോൾ സി. അമ്പൂക്കൻ അച്ചന്റെ നേതൃത്വത്തിൽ പള്ളിയോഗം ചേർന്ന് തീരുമാനമെടുത്തു. 15.8.1989-ന് അഭിവന്ദ്യ പിതാവ് മാർ ജെയിംസ് പഴയാറ്റിൽ ദേവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. 90 അടി നീളവും 41 അടി വീതിയും 3690 ച.അടി വിസ്തൃതിയുള്ളതും ഉൾഭാഗത്തോടു ചേർന്ന് ബാൽക്കണി ഉള്ളതുമായ മനോഹരമായ ദേവാലയം പണികഴിപ്പിച്ചു. നവീന ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിച്ചു.

## വിദ്യാലയങ്ങൾ

1924-ൽ ബഹു. കുര്യാക്കോസ് പുത്തൂർ അച്ചന്റെ പരിശ്രമഫലമായി സെന്റ് ആന്റണീസ് എൽ.പി. സ്ക്കൂൾ സ്ഥാപിതമായി. 1938-ൽ വികാരിയായിരുന്ന ബഹു. ജോൺ ചിറയത്ത് അച്ചൻ സെന്റ് ആന്റണീസ് ലോവർ



വൈദിക മന്ദിരം

സെക്കന്ററി സ്കൂൾ സ്ഥാപിച്ചു. റവ. ഫാ. ജോസഫ് തോട്ടാന്റെ പരിശ്രമത്താൽ Form III കൂടി ആരംഭിച്ച് സ്ഥാപനം പൂർത്തീകരിച്ചു. 1946-ൽ അന്നത്തെ വികാരി, ഹെഡ്മാസ്റ്റർ, മാനേജർ എന്നീ ഉന്നതപദവികളിൽ ഇരുന്ന റവ. ഫാ. പോൾ ചിറ്റിലപ്പിള്ളി (പിന്നീട് തൃശൂർ രൂപത വികാരി ജനറാൾ (1957-63)) ദീർഘവീക്ഷണത്തോടെ നാടിന്റെ പുരോഗതിക്കായി സെന്റ്



സെന്റ് ആന്റണീസ് ഹൈസ്കൂൾ

ആന്റണീസ് ഹൈസ്കൂൾ സ്ഥാപിച്ചു. അതിനുവേണ്ട ഗ്രൗണ്ടും തയ്യാറാക്കി. ബഹു. വിൻസെന്റ് പാറയിൽ അച്ചന്റെ നേതൃത്വത്തിൽ 2005-ൽ സ്കൂൾ കെട്ടിടങ്ങൾ പുതുക്കിപണിത് സൗകര്യപ്രദമാക്കി. ഇപ്പോൾ പ്രീ-പ്രൈമറി വിഭാഗവും പ്രവർത്തിക്കുന്നു.

## കപ്പേള

റവ. ഫാ. പോൾ ചിറ്റിലപ്പിള്ളിയുടെ കാലത്ത് രൂപം നല്കി, റവ. ഫാ. ജോസഫ് ആട്ടോക്കാരനച്ചന്റെ പരിശ്രമഫലമായി നിർമ്മിച്ചതാണ് ഈ ഗ്രാമത്തിന്റെ ഹൃദയഭാഗത്ത് ആലുംപറമ്പ് മൈതാനത്തോട് ചേർന്നുള്ള ഫാത്തിമമാതാവിന്റെ കപ്പേള.



ഫാത്തിമമാതാ കപ്പേള



സെന്റ് ആന്റണീസ് എൽ.പി. സ്കൂൾ & സ്റ്റേജ്

റവ. ഫാ. റാഫേൽ ചിറ്റിലപ്പിള്ളിയുടെ കാലത്താണ് ബഹുനിലകളിലായി ഇത് പൂർത്തീകരിച്ചത്.

## പാരിഷ്ഹാൾ

2003-ൽ ബഹു. വിൻസെന്റ് പാറയിൽ അച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ പടിഞ്ഞാറെപറമ്പിൽ പണിയിച്ച സൗകര്യപ്രദമായ വലിയ പാരിഷ്ഹാളും അതിനോട് ചേർന്നുള്ള മിനിഹാളും അഭിവന്ദ്യപിതാവാണ് വെഞ്ചിരിച്ചത്.



പാരിഷ് ഹാൾ

## മതബോധനം

ഇടവകയുടെ പ്രഥമവും പ്രധാനവുമായ കർമ്മമണ്ഡലമാണ് മതബോധനം. പള്ളിസ്ക്കൂളിലാണ് മതബോധന ക്ലാസ്സുകൾ നടത്തുന്നത്. ഇപ്പോൾ 12 ഡിവിഷനും, ബൈബിൾ നഴ്സറിയും, 13 അധ്യാപകരും ഉണ്ട്. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ അധ്യാപകരും, വിദ്യാർത്ഥികളും രക്ഷിതാക്കളും വളരെ ശ്രദ്ധയോടെ മുന്നോട്ടുപോകുന്നു. റവ. ഫാ. ആന്റോ പാറാശ്ശേരിയാണ് ഇപ്പോഴത്തെ വികാരി.

## സംഘടനകൾ, പ്രസ്ഥാനങ്ങൾ

1926-ൽ റവ. ഫാ. കുര്യാക്കോസ് പുത്തൂർ മരിയൻ സൊഡാലിറ്റി അഥവാ C.L.C. സ്ഥാപിച്ചു. 1960-ൽ റവ. ഫാ. ആന്റണി കല്ലിങ്ങലാണ് സെന്റ് വിൻസെന്റ് ഡി പോൾ സംഘം സ്ഥാപിച്ചത്. 1967-ൽ റവ. ഫാ. തോമസ് തലച്ചിറ രൂപം നല്കിയ ഫ്രാൻസിസ്കൻ അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ പിന്നീട് റവ. ഫാ. ജോൺ ചെമ്മണ്ണൂർ ആരംഭിച്ച വിവാഹസഹായനിധി നന്നായി പ്രവർത്തിച്ചുവരുന്നു. 1974-ൽ റവ. ഫാ. സെബാസ്റ്റ്യൻ മാളിയേക്കൽ തുടങ്ങിവച്ച കാത്തലിക് യൂണിയൻ

അഥവാ കാത്തലിക് മൂവ്മെന്റും, റവ. ഫാ. ജോസ് കാനംകുടം പ്രവർത്തന സജ്ജമാക്കിയ കുടുംബ സമ്മേളനങ്ങൾ, റവ. ഫാ. വർഗ്ഗീസ് അരിക്കാട്ടിന്റെ കാലത്ത് ആരംഭിച്ച സി.വൈ.എം. എന്നിവ ആദ്ധ്യാത്മിക അഭിവൃദ്ധിക്കും സമൂഹനന്മയ്ക്കും വേണ്ടി പ്രവർത്തിക്കുന്നു. അക്കാലത്ത് ആരംഭിച്ച ജീസ്സസ് യൂത്ത്, പ്രാർത്ഥനാ ഗ്രൂപ്പ് എന്നിവ സജീവമായി പ്രവർത്തിക്കുന്നു. 2007-ൽ റവ. ഫാ. ആന്റോ ജി. ആലപ്പാട്ട് തുടങ്ങിവച്ച തിരുബാലസഖ്യം, മാതൃസംഘം, കാത്തലിക് ലേബർ അസ്സോസിയേഷൻ (C.L.A.) എന്നിവ നന്നായി പ്രവർത്തിച്ചുകൊണ്ടിരിന്നു.



പഴയ പള്ളി